**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **01-09-2022 - ൽ മറുപടിയ്ക്ക്**

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | 1986 ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 3 ന്റെ ഉപവിഭാഗങ്ങൾ (1), (3) പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിട്ടാണ് തീരദേശ പരിപാലന അതോറിറ്റി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിനെ അറിയിക്കാറുണ്ട്. |
| (ബി) | തീരദേശ പരിപാലന ചട്ടങ്ങളിൽ നിർമാണ പ്രവൃത്തികളുടെ അനുമതിക്കായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശുപാർശയോടെ ലഭിക്കുന്ന അപേക്ഷയിൻമേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ എല്ലാ രേഖകളോടും കൂടി സമർപ്പിക്കുന്ന അപേക്ഷകൾ സാങ്കേതിക പരിശോധന പൂർത്തീകരിച്ച് അടുത്ത് വരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് തീരുമാനം കൈകൊണ്ടുവരുന്നു. കൂടാതെ, അപൂർണ്ണമായ അപേക്ഷകളിൽ അപേക്ഷ ലഭിച്ച് കഴിവതും രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അധിക വിവരങ്ങൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്കും അപേക്ഷകനും കത്തയയ്ക്കുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് അടുത്ത് വരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരാറുണ്ട്. നിലവിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും ലഭ്യമല്ലാത്ത ആകെ 786 ഫയലുകളാണ് ഉള്ളത്. |
| (സി) | ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിന് അതോറിറ്റി നിലവിൽ എടുക്കുന്ന കാലപരിധി എത്രയാണ്; നിലവിൽ ഇത്തരത്തിൽ എത്ര ഫയലുകൾ അതോറിറ്റിയിൽ തീർപ്പ് കൽപ്പിക്കാൻ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ എല്ലാ രേഖകളോടും കൂടി സമർപ്പിക്കുന്ന അപേക്ഷകൾ സാങ്കേതിക പരിശോധന പൂർത്തീകരിച്ച് അടുത്ത് വരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് തീരുമാനം കൈകൊണ്ടുവരുന്നു. കൂടാതെ, അപൂർണ്ണമായ അപേക്ഷകളിൽ അപേക്ഷ ലഭിച്ച് കഴിവതും രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ അധിക വിവരങ്ങൾ ആവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയ്ക്കും അപേക്ഷകനും കത്തയയ്ക്കുകയും ആയത് ലഭിക്കുന്ന മുറയ്ക്ക് അടുത്ത് വരുന്ന തീരദേശ പരിപാലന അതോറിറ്റി യോഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നു. മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേരാറുണ്ട്. നിലവിൽ അധിക വിവരങ്ങൾ ആവശ്യപ്പെട്ടിട്ടും ലഭ്യമല്ലാത്ത ആകെ 786 ഫയലുകളാണ് ഉള്ളത്. |
| (ഡി) | നിലവിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ | (ഡി) | തീരദേശ പരപാലന അതോറിറ്റിയുടെ ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ | പേര് | തസ്തിക | ഫോൺ |
|---|---|---|---|

<table>
<tr>
<td></td>
<td>തസ്തിക, പേര്, മൊബൈൽ നമ്പർ, അവർ കൈകാര്യം ചെയ്യുന്ന ജില്ല തിരിച്ചുള്ള വിഷയം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;</td>
<td></td>
<td>
<table>
<tr><th>നമ്പർ</th><th></th><th></th><th>നമ്പർ</th></tr>
<tr><td>1</td><td>ശ്രീ. സുനീൽ പമീടി, ഐ.എഫ്.എസ്</td><td>മെമ്പർ സെക്രട്ടറി</td><td>8281625134</td></tr>
<tr><td>2</td><td>ശ്രീ. പി.സി.സാബു</td><td>ജോയിന്റ് സെക്രട്ടറി</td><td>9495924643</td></tr>
<tr><td>3</td><td>ശ്രീമതി. അസ്സിന.എ.വി</td><td>സെക്ഷൻ ഓഫീസർ</td><td>0471 2339696</td></tr>
<tr><td>4</td><td>ശ്രീ. ഹാരിസ് കെ.എസ്</td><td>(എ1) അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ</td><td>0471 2339696</td></tr>
<tr><td>5</td><td>ശ്രീമതി ഷാരോൺ ബാബു</td><td>(എ2) സീനിയർ ഗ്രേഡ് അസിസ്റ്റന്റ്</td><td>0471 2339696</td></tr>
</table>
എ1, എ2 സീറ്റുകളിൽ കൈകാര്യം ചെയ്യുന്ന ജില്ലകൾ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.
എ1 – തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, തൃശ്ശൂർ
എ2 – കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്
</td>
</tr>
<tr>
<td>(ഇ)</td>
<td>സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ സേവനാവകാശ നിയമം പ്രാബല്യത്തിലാക്കി ഫയൽ അദാലത്തുകൾ നടത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?</td>
<td>(ഇ)</td>
<td>ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ